STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.364/PR/SPMC/PHQ/2025 Date:02.11.2025

## വിഷൻ 2031: ആഭ്യന്തര വകുപ്പിന്റെ സെമിനാർ നാളെ

**വിഷൻ-2031** ആഭ്യന്തരവകുപ്പിന്റെ സെമിനാർ നാളെ (2025 നവംബർ മൂന്ന്) രാവിലെ 9.30ന് കണ്ണൂർ കളക്ടറേറ്റിൽ നടക്കുന്ന ചടങ്ങിൽ മുൻ സുപ്രീം കോടതി ജഡ്ജി സി .ടി രവികുമാർ ഉദ്ഘാടനം ചെയ്യും.

ഉദ്ഘാടനചടങ്ങിൽ ആഭ്യന്തര & വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, അഗ്നിരക്ഷാ സേനാ മേധാവി നിതിൻ അഗ്രവാൾ, മുൻ സംസ്ഥാന പോലീസ് മേധാവി ജേക്കബ് പുന്നൂസ്, കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി യതീഷ് ചന്ദ്ര ജി എച്ച് എന്നിവർ പങ്കെടുക്കും.

കേരളത്തിന്റെ സമഗ്രവികസനത്തിന് ഊർജം പകരുന്നതിനായി ആഭ്യന്തരവകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ നയരേഖ രൂപപ്പെടുത്തുന്നതിനായി നവചിന്തകളും പുത്തൻ ആശയങ്ങളും പുതിയ മാർഗനിർദ്ദേശങ്ങളും സെമിനാറിലൂടെ കണ്ടെത്തുകയും അവ ക്രോഡീകരിച്ച് സർക്കാരിന് മുന്നിൽ സമർപ്പിക്കുകയുമാണ് ലക്ഷ്യം.

പോലീസ്, അഗ്നിരക്ഷാ സേന, ജയിൽ എന്നീ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്.

വിഷൻ-2031 സെമിനാറിനോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി വിവിധ പ്രദർശനസ്റ്റാളുകൾ കളക്ടറേറ്റ് മൈതാനത്ത് ക്രമീകരിച്ചിട്ടുണ്ട്.

പോലീസ്, അഗ്നിരക്ഷാ സേന, ജയിൽ എന്നീ വകുപ്പുകളുടെ 20 സ്റ്റാളുക ളാണ് സജ്ജീകരിച്ചിരിക്കുന്നത്.

വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജ യൻ ഉദ്ഘാടനം ചെയ്യും.

ചടങ്ങിൽ രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കട ന്നപ്പള്ളി, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ മേയർ മുസ്ലിഹ് മഠത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.കെ രത്നകുമാരി, ആഭ്യന്തര & വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മനോജ് എബ്രഹാം, തിരുവനന്ത പുരം റേഞ്ച് ഡി.ഐ.ജി എസ്. അജീത ബീഗം എന്നിവർ സംബന്ധിക്കും.

*************************